# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 107

02.03.2017-ന് മറുപടിയ്ക്ക്

## സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>,, ഹൈബി ഈഡൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.എസ്.ശിവകുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകത്തക്ക രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ വരുത്തുന്നതിനുതകുന്ന വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br>കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നോർത്ത്, തൃശൂർ ജില്ലയിലെ പുതുക്കാട്, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനു വേണ്ടിയുള്ള പൈലറ്റ് പദ്ധതി നടത്തുന്നതിന് 14.10.2016-ലെ സ.ഉ(സാധാ)നം.3390/16/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ഐടി@സ്കൂളിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് സ്കൂൾ പ്രോജക്ട് മുഴുവൻ സ്കൂളുകളിലും 2017 ഡിസംബറോടെ പൂർത്തിയാക്കുന്ന വിധത്തിലാണ് ഐടി@സ്കൂൾ ഇതിന്റെ വിശദമാക്കുന്ന പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുള്ളത്. |

കുട്ടികളുടെ ബഹുമുഖമായ കഴിവുകളെ പരിപോഷിപ്പിക്കുകവഴി സംസ്കാര സമ്പന്നമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കലാകായിക സാംസ്കാരിക പാർക്ക്, ജൈവ വൈവിദ്ധ്യ പാർക്ക് തുടങ്ങിയവയുടെ നിർമ്മാണം, ഹൈസ്കൂൾ ലബോറട്ടറികൾ, വായനശാലകൾ എന്നിവയുടെ നവീകരണം തുടങ്ങിയ വിവിധ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി അടിസ്ഥാന തലത്തിൽ തന്നെ, അതായത് പ്രീ പ്രൈമറിതലം മുതൽ തന്നെ പഠന രീതി ശിശുകേന്ദ്രീകൃതമായി ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുതകുന്ന അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ എത്ര ക്ലാസ്സ് റൂമുകളെയാണ് പദ്ധതിയിൻ കീഴിൽ ഡിജിറ്റലാക്കുന്നത്; ഇതിനായുള്ള ഫണ്ട് എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ ഏകദേശം 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന് ഡി.പി.ആർ (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്) സമർപ്പിച്ചിട്ടുണ്ട്. ഇതിനായുള്ള ഫണ്ട് കിഫ്ബി മുഖേന ലഭ്യമാക്കുന്നതിനാണ് ഡി.പി.ആർ നൽകിയിരിക്കുന്നത്.

(സി) കിഫ്ബിയിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കുന്നതെങ്കിൽ ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) ഹൈടെക് സ്കൂൾ പദ്ധതി കിഫ്ബിയിലേക്ക് അയയ്ക്കുവാൻ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ